പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംപർ. 1712 — 14.12.2012 - ൽ മറുപടിയ്ക്ക്

**സ്നേഹസ്പർശം പദ്ധതിയുടെ മാനദണ്ഡം**

**ചോദ്യം**

**ശ്രീ. എസ് ശർമ്മ**

**ഉത്തരം**

**ഡോ. എം.കെ. മുനീർ**

**( പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം നടപ്പിലാക്കിയ സാമൂഹ്യ ക്ഷേമ പദ്ധതികൾ ഏതൊക്കെ യാണെന്ന് വിശദമാക്കാമോ ; | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം നടപ്പിലാക്കിയ പദ്ധതികൾ ഇവയാണ് :<br>(1) ശ്രുതിതരംഗം പദ്ധതി<br>സംസ്ഥാനത്തെ 5 വയസ്സുവരെ പ്രായമുള്ള രണ്ട് ലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ ബധിരരും മൂകരു മായ കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി നടത്തി കുട്ടികളുടെ ശ്രവണശേഷിയും സംസാരശേഷിയും വീണ്ടെടുക്കുക യെന്നതാണ് പദ്ധതിയുടെ ലക്ഷ്യം.<br>(2) സ്നേഹപൂർവ്വം പദ്ധതി<br>മാതാപിതാക്കൾ ആരെങ്കിലും മരിച്ചു പോകുകയും ജിവിച്ചിരിക്കുന്നയാ ൾക്ക് അനാരോഗ്യത്താലും സാമ്പ ത്തിക പരാധീനതയാലും കുട്ടികളെ സംരക്ഷിക്കാൻ കഴിയാത്ത സാഹ ചര്യത്തിൽ ഇത്തരം കുട്ടികളെ വിദ്യാഭ്യാസപരമായും മറ്റെല്ലാരീതി യിലും സമൂഹത്തിന്റെ മുഖ്യധാര യിലേക്ക് കൊണ്ടു വരുന്നതിനായി പ്രതിമാസ ധന സഹായം അനുവദിക്കുന്ന പദ്ധതിയാണിത്. |

| | | | |
|---|---|---|---|
| | | | (3) <u>നിർഭയ പദ്ധതി:</u><br>സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയുന്നതിനുവേണ്ടി സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ നടപ്പിലാക്കിയ പദ്ധതിയാണ് 'നിർഭയ' . ലൈംഗിക ചൂഷണം, പീഡനം, വാണിഭം എന്നിവയ്ക്കു വിധേയമാകുന്നവരുടെ സംരക്ഷണം, മോചനം, പുനരധിവാസം എന്നിവയിലുള്ള ഇടപെടലുകളാണ് ഈ പദ്ധതിയുടെ മുഖ്യ ഉദ്ദേശ്യം.<br>(4) <u>തന്റേടം - ജൻഡർപാർക്ക്</u><br>സ്ത്രീകളുടെ സമസ്ത പുരോഗതി ലക്ഷ്യമിട്ട് കോഴിക്കോട്, വെള്ളിമാട് കുന്നിൽ പൂർത്തീകരിക്കാനുദ്ദേശിക്കുന്ന പ്രോജക്ട് ആണ് തന്റേടം - ജൻഡർപാർക്ക്.<br>(5) <u>സമഗ്ര ശിശുസംരക്ഷണ പദ്ധതി</u><br>കുട്ടികളുടെ സംരക്ഷണം ലക്ഷ്യമിട്ടുകൊണ്ട് കേന്ദ്ര സർക്കാർ രൂപം കൊടുത്ത സ്കീമാണ് സമഗ്ര ശിശു സംരക്ഷണ പദ്ധതി. ജുവനൈൽ ജസ്റ്റീസ് ആക്ട് 2000 സമഗ്രമായി നടപ്പിലാക്കുക എന്നതാണ് ഈ പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. |
| (ബി) | സ്നേഹസ്പർശം പദ്ധതിയുടെ നടത്തിപ്പ് ഏത് രീതിയിലാണെന്നും, ഗുണഭോക്താക്കളെ തീരുമാനിക്കുന്നതിനുള്ള . മാനദണ്ഡം എന്താണെന്നും വ്യക്തമാക്കാമോ ; | (ബി) | സംസ്ഥാനത്തെ ചൂഷണത്തിനു വിധേയരായ അവിവാഹിത അവസ്ഥയിൽ അമ്മമാരായ വനിതകൾക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് സ്നേഹസ്പർശം. |

<table>
<tr><td></td><td></td><td></td><td>ഗുണഭോക്താക്കളെ തീരുമാനിക്കുന്നതിനുള്ള മാനദണ്ഡം ചുവടെ ചേർക്കുന്നു.<br>(1) ചൂഷണത്തിനു വിധേയരായി അവിവാഹിത അവസ്ഥയിൽ അമ്മമാരായവരായിരിക്കണം<br>(2) 65 വയസ്സുവരെ പ്രായപരിധിയിൽപ്പെടുന്നവരായിരിക്കണം<br>(3) പുനർ വിവാഹിതരായിരിക്കുവാൻ പാടില്ല.<br>(4) സർക്കാരിന്റെ മറ്റൊരു പെൻഷൻ ആനുകൂല്യവും ലഭിക്കുന്നവരായിരിക്കരുത്.<br>(5) ബന്ധപ്പെട്ട ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ പരിശോധിച്ച് സർട്ടിഫൈ ചെയ്തവരായിരിക്കണം</td></tr>
<tr><td>(സി)</td><td>സംസ്ഥാനത്ത് നിലവിൽ ഈ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ ?</td><td>(സി)</td><td>ഗുണഭോക്താക്കളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർത്തിരിക്കുന്നു.
<table>
<tr><th>ക്രമ നം</th><th>ജില്ല</th><th>എണ്ണം</th></tr>
<tr><td>01</td><td>വയനാട്</td><td>52</td></tr>
<tr><td>02</td><td>ഇടുക്കി</td><td>45</td></tr>
<tr><td>03</td><td>കാസർഗോഡ്</td><td>138</td></tr>
<tr><td>04</td><td>എറണാകുളം</td><td>11</td></tr>
<tr><td>05</td><td>കോഴിക്കോട്</td><td>25</td></tr>
<tr><td>06</td><td>തൃശ്ശൂർ</td><td>09</td></tr>
<tr><td>07</td><td>കൊല്ലം</td><td>26</td></tr>
<tr><td>08</td><td>പാലക്കാട്</td><td>62</td></tr>
<tr><td>09</td><td>മലപ്പുറം</td><td>72</td></tr>
<tr><td>10</td><td>തിരുവനന്തപുരം</td><td>63</td></tr>
<tr><td>11</td><td>കോട്ടയം</td><td>11</td></tr>
<tr><td>12</td><td>ആലപ്പുഴ</td><td>69</td></tr>
<tr><td></td><td>ആകെ</td><td>583</td></tr>
</table>
</td></tr>
</table>

R. Vijayan

സെക്ഷൻ ഓഫീസർ